fees are not uniform in all private colleges and depend very much on the standard of efficieney of the college as well as on the management. Further, this examination of the rates of fees fixed by private colleges has been made by the Syndicate both with a view to ascertaining whether there has been any unduly excessive amounts charged; as well as to determining the rates of fees which may be prescribed for the colleges maintained by the University itself. The Syndicate has been continuously of the opinion that the rates of fees charged by institutions mentioned by the University are very low, and has on more than one occasion resolved to increase the fees in colleges directly under the University. But owing to considerations of a nonacademic character and with a view not to embarrass the Government by such a measure, the Syndicate had refrained from giving effect to resolutions which were adopted after due consideration. These nonacademic considerations, however, will disappear when the University is the sole authority for matters like sanctioning the rates of fees etc., in institutions maintained by the University.

In the light of what has been stated above, the Syndicate is firmly of the opinion (i) that the rates of fees in private colleges are not unduly high and (ii) that it is high time that the rates of fees in institutions maintained by the University were revised."

വെയിറ്റിംഗ് ഷെഡ്ഡുകളും മലമൂത്രവിസർജ്ജനത്തിനുള്ള സൗകര്യവും.

* 122. [3] ശ്രീ. വി. ശ്രീധരൻ: തൊഴിൽ കാണാനുള്ള ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-കുടിപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് ട്രാൻസ്പോർട്ട്ബസ്സുകളിൽ യാത്രചെയ്യുന്ന യാത്രക്കാരുടെ സൗകര്യാർത്ഥം എല്ലാ ഡിസ്ട്രിക്ട്കളിലും വേണ്ടത്ര വെയിറ്റിംഗ് ഷെഡ്ഡുകളും മലമൂത്രവിസർജ്ജനത്തിനുള്ള സൗകര്യങ്ങളും ഉണ്ടോ;

(ബി) ഈ അടുത്ത കാലത്ത് തിരുവിതാംകൂർ-കൊച്ചി സന്ദർശിച്ച മദ്യനിരോധനാന്വേഷണക്കമ്മീഷനിലെ ഒരു പ്രമുഖംഗമായ മി. കോടണ്ഡരാവു ഇതുസംബന്ധിച്ച് പത്രങ്ങളിൽ എഴുതിയിരുന്ന ഒരു കുറിപ്പ് ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ, ആ കുറിപ്പിൽ പറയുന്ന കാര്യങ്ങളെപ്പറ്റി ഗവണ്മെൻറ് ഒരന്വേഷണം നടത്തി ആവശ്യമായ സത്വരനടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

മരാമത്തുവകുപ്പു മന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ): (എ) എല്ലാ പ്രധാനപ്പെട്ട ബസ്സ് സ്റ്റാൻഡു കളിലും വെയിറ്റിംഗ് ഷെഡ്ഡുകളും മല മൂത്രവിസർജ്ജനത്തിനുള്ള സൗകര്യങ്ങളും നിലവിലുണ്ട്.

(ബി) കോടങ്ങാവു അളേഹത്തിന്റേതായ ഒരു പ്രസ്താവന പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തിയിട്ടില്ല. അളേഹം പറഞ്ഞതായി ഒരു കുറിപ്പു പത്രങ്ങളിൽ കാണുകയുണ്ടായി.

(സി) ആവശ്യമായ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

ശ്രീ. വി. ശ്രീധരൻ: പല ബസ്സ് സ്റ്റാൻഡുകളിലും മലമൂത്രവിസർജ്ജനത്തിനുള്ള ഷെഡ്ഡുകൾ ഇതുവരെ ഉണ്ടാക്കിയിട്ടില്ലെന്നുള്ള വിവരം അറിയാമോ?

ശ്രീ. കെ. ഐ. വേലായുധൻ: എല്ലാ ബസ്സ് സ്റ്റാൻഡുകളിലും ഇല്ല. പ്രധാനപ്പെട്ട ബസ്സ് സ്റ്റാൻഡുകളിൽ മാത്രമേ ഉള്ളൂ.

ശ്രീ. കുട്ടപൻ കോയിക്കൽ: കായംകുളം ബസ്സ് സ്റ്റാൻഡിൽ മലമൂത്രവിസർജ്ജനത്തിനുള്ള ഷെഡ്ഡു് ഉണ്ടാക്കിയിട്ടുണ്ടോ?

ശ്രീ. കെ. ഐ. വേലായുധൻ: ഞാൻ പറഞ്ഞതു് എല്ലാ പ്രധാനപ്പെട്ട ബസ്സ് സ്റ്റാൻഡുകളിലും ഉണ്ടെന്നാണു്.

അഴിമതിനിവാരണവകുപ്പു്.

*123. [4] ശ്രീ. ആർ. ബാലകൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സഭയിൽ മറുപടി പറയുമോ:

(എ) നിലവിലുള്ള അഴിമതിനിവാരണ വകുപ്പിന്റെ പ്രവർത്തനഫലമായി അഴിമതിക്കാർക്കു് ശിക്ഷയുണ്ടായിട്ടില്ലെന്നു് ഗവണ്മെന്റിനു ബോദ്ധ്യമായിട്ടുണ്ടോ;

(ബി) ഇതിനു പരിഹാരമായി എന്തു നടപടികളാണു് ഗവണ്മെന്റു് സ്വീകരിക്കാനുദ്ദേശിക്കുന്നതു്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ, ബി) അഴിമതിക്കാർക്കു് ശിക്ഷയുണ്ടായിട്ടില്ലെന്നു് ഗവണ്മെന്റിനു് ബോദ്ധ്യമില്ല. എങ്കിലും അഴിമതി നിരോധനം ഊർജ്ജിതപ്പെടുത്തുന്നതിനുവേണ്ടി സെക്രട്ടറിയേറ്റിൽ ഒരു പുതിയ വകുപ്പു് സൃഷ്ടിച്ചിട്ടുണ്ടു്. അതിന്റെ ചാർജ്ജു് വഹിക്കുന്ന സെക്രട്ടറി പോലീസുള്ള അഴിമതി നിരോധന വകുപ്പിന്റെ സഹായത്തോടുകൂടി അഴിമതിക്കാരെക്കുറിച്ചുള്ള പരാതികൾ അന്വേഷിച്ചു് വേണ്ട മേൽനടപടികൾ ചെയ്യുന്നുണ്ടു്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: എത്രത്തോളം അഴിമതിക്കാരെ പിടിച്ചിട്ടുണ്ടെന്നു് വല്ല രേഖയും കൈവശമുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അഴിമതിയെപ്പറ്റി കിട്ടിയ വിവരങ്ങളുടെ ലിസ്റ്റുണ്ടു്. അതു് ലൈബ്രറിയിൽ വയ്ക്കാമോ? മറ്റൊരു ചോദ്യത്തിനു് മറുപടി പറയുന്ന അവസരത്തിൽ വച്ചിരിക്കുകയാണു്.

LIBRARY ARCHIVES Kerala Legislative Assembly